സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :18/01/2021
Email -swdkerala@gmail.com
Phone : 0471 - 2306040

## സർക്കുലർ

വിഷയം: സ.നീ.വ-ബഡ്ജറ്റ് 2020-21- വകുപ്പിന്റെ പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിക്കുന്നത്-നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന: 07.01.2021 ൽ ബഹു.ഡയറക്ടറുടെ ചേമ്പറിൽ നടന്ന റിവ്യൂ മീറ്റിംഗ്

2020-21 സാമ്പത്തിക വർഷത്തിലെ സാമൂഹ്യനീതി വകുപ്പിന്റെ വിവിധ പദ്ധതികളുടെ പുരോഗതി സംബന്ധിച്ചുള്ള അവലോകന യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈകൊണ്ടിട്ടുണ്ട്.

1. നടപ്പ് സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി ഭരണാനുമതി ലഭ്യമായിട്ടുള്ള എല്ലാ പ്രൊപ്പോസലുകളും ജനുവരി 20-നകം നടപടിക്രമങ്ങൾ പൂർത്തിയാക്കി തുകകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സെക്ഷൻ മേധാവികൾ സ്വീകരിക്കേണ്ടതാണ്.

2. ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ സർക്കാരിൽ പെൻഡിംഗ് ഉണ്ടെങ്കിൽ ആയത് എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സെക്ഷൻ മേധാവികൾ സ്വീകരിക്കേണ്ടതാണ്.

3. സാമ്പത്തിക വർഷാവസാനം ബില്ലുകൾ ട്രഷറി ക്യൂവിലേക്ക് മാറ്റപ്പെടുന്നത് ഒഴിവാക്കുന്നതിനായി എല്ലാ കാര്യാലയ മേധാവികളും കൈവശമുള്ള തുകകളുടെ ബില്ലുകൾ ജനുവരി 31-നകം ബന്ധപ്പെട്ട ട്രഷറിയിൽ സമർപ്പിച്ച് മാറി എടുക്കേണ്ടതാണ്.

4. ഈ സാമ്പത്തിക വർഷം ചെലവഴിക്കുവാൻ സാധിക്കാത്ത ഏതെങ്കിലും അലോട്ട്മെന്റുകൾ കാര്യാലയമേധാവികളുടെ കൈവശം ഉള്ള പക്ഷം ആയത് ജനുവരി 20-ന് മുൻപായി BAMS- മുഖേന സറണ്ടർ ചെയ്യേണ്ടതും വിവരം ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട സെക്ഷനിൽ അറിയിക്കേണ്ടതുമാണ്.

മേൽ പ്രസ്താവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ കൃത്യമായും നടപ്പിൽ വരുത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ എല്ലാ സെക്ഷൻ മേധാവികളും, കിഴ് കാര്യാലയ മേധാവികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകേണ്ടതും ആയത് പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

പകർപ്പ്: എല്ലാ സെക്ഷൻ മേധാവികൾക്കും,
എല്ലാ ജില്ലാസാമൂഹ്യ നീതി ഓഫീസർമാർക്കും,
മറ്റ് കീഴ് കാര്യാലയ മേധാവികൾക്ക്